"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - എറണാകുളം ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.59/2026/DMD തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. 27.03.2018 ലെ സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി.
2. 15.10.2025 ലെ സ. ഉ. (സാധാ) നം. 634/2025/ഡി.എം.ഡി.
3. ശ്രീ. അൻവർ സാദത്ത് (ആലുവ) എം.എൽ.എ. 13.01.2025 തീയതിയിൽ ബഹു. റവന്യൂ മന്ത്രിക്ക് സമർപ്പിച്ച നിവേദനം

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വിശ്വകർമ ക്ഷേത്രാങ്കണം റോഡ് പ്രവൃത്തിക്ക് പരാമർശിത ഉത്തരവ് പ്രകാരം 10,00,000 /- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ശ്രീ. അൻവർ സാദത്ത് ബഹു. എം. എൽ. എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി റോഡിന് അനുവദിച്ച തുക അതെ ഗ്രാമ പഞ്ചായത്തിലെ നിലവിലെ 11 ാം വാർഡിൽ (പുതിയ 13 ാം വാർഡ്) ഉൾപ്പെട്ട ലാപ്പിമുക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി തുക മാറ്റി അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2. പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്നും ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, എറണാകുളം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/11/2026-DMD)

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 29-01-2026 18:21:33**
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്